# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം **നമ്പർ : 4910** **27.10.2016** ൽ മറുപടിയ്ക്ക്

**പട്ടയം നൽകുന്നതിനുള്ള നടപടികൾ**

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | നാറാണംമൂഴി പഞ്ചായത്തിലെ അത്തിക്കയം തെക്കേത്തൊട്ടിയിൽ എത്ര കൈവശ കർഷകർക്കാണ് പട്ടയം ലഭിക്കാനുള്ളത്; ഇവർ എന്നു മുതലാണ് ഇവിടെ താമസം തുടങ്ങിയതെന്നു വ്യക്തമാക്കുമോ; | (എ) റാന്നി താലൂക്കിലെ നാറാണംമൂഴി പഞ്ചായത്തിലെ അത്തിക്കയം തെക്കേത്തൊട്ടി പ്രദേശത്ത് 130 ഓളം കൈവശക്കാർക്ക് പട്ടയം ലഭിക്കാനുള്ളതാണ്. ഇവർ 01.01.1977-നു മുമ്പ് തന്നെ ടി സ്ഥലത്ത് കൈവശക്കാരാണ്. |
| (ബി) | ഇവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; സർവ്വേ നടപടികൾ പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കാനാകും; | (ബി) ടി കൈവശക്കാർക്ക് പട്ടയം നൽകുന്നതിനു വേണ്ടി കൈവശ സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് സർവ്വെ വകുപ്പിലേയും റവന്യൂ വകുപ്പിലേയും ജീവനക്കാരടങ്ങിയ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതും സർവ്വെ നടപടികൾ നടന്നു വരികയുമാണ്. സർവ്വെ നടപടി പൂർത്തിയാക്കിയിട്ടില്ല. |
| (സി) | നടപടികൾ പൂർത്തീകരിച്ച് ഇവർക്ക് എന്ന് പട്ടയം നൽകാനാകും എന്ന് വ്യക്തമാക്കുമോ; | (സി) സർവ്വെ നടപടികൾ പൂർത്തീകരിച്ച് റെക്കോർഡുകൾ തയ്യാറാക്കിക്കഴിഞ്ഞാൽ മാത്രമേ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കാനാകുകയുള്ളൂ. |
| (ഡി) | പട്ടയത്തിനായുള്ള നടപടികളിൽ എന്തെങ്കിലും തടസ്സം നേരിട്ടിരുന്നോ; ഉണ്ടെ ങ്കിൽ എന്തായിരുന്നു തടസ്സം; ഇത് നീക്കം ചെയ്തോ; ഇല്ലെങ്കിൽ തടസ്സം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ഡി) നിലവിലെ കൈവശങ്ങൾ അളന്നു തിട്ടപ്പെടുത്തി റെക്കോർഡുകളും സ്കെച്ചും തയ്യാറാക്കുന്നതിനുള്ള നടപടികളാണ് നടന്നു വരുന്നത്. |

| | | |
|---|---|---|
| (ഇ) | ഇറിടുത്തെ പട്ടയ വിഷയത്തിൽ കോടതിയുടെയോ സമാന സമിതി കളുടെയോ പരാമർശം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെയെന്ന് വ്യക്ത മാക്കമോ? | (ഇ) ടി പ്രദേശത്തെ പട്ടയം സംബന്ധിച്ച വിഷയത്തിൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ എച്ച്.ആർ.എം.പി നം. 18672/2016/പി.റ്റി.എ നമ്പരായി ഒരു ഹർജി നിലവിലുള്ളതാണ്. |

T. [signature]
സെക്ഷൻ ഓഫീസർ